# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1694** | **14/08/2017-ൽ മറുപടിക്ക്**

## കൊരട്ടി ഇൻഫോപാർക്ക്

**ചോദ്യം**
**ശ്രീ.ബി.ഡി.ദേവസ്സി**

**മറുപടി**
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | കൊരട്ടി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട നവീകരണത്തിന്റെ ഭാഗമായി 8 നിലകളിലായി ഒരു ലക്ഷത്തിലധികം സ്ക്വയർഫീറ്റ് വിസ്തൃതിയിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിട സമുച്ചയത്തിൽ നാളുകൾ പിന്നിട്ടിട്ടും വിഭാവനം ചെയ്തപോലെ ഐ.ടി. കമ്പനികൾ ഇനിയും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കൊരട്ടി ഇൻഫോപാർക്ക് നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 3.3 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടി 8 നിലകളിലായി പുതിയ ഒരു ഐ.ടി മന്ദിരത്തിന്റെ പണി പൂർത്തിയാക്കി 2016 ജനുവരി 21-ാം തീയതി ഉത്ഘാടനം ചെയ്യുകയുണ്ടായി. ഇതിന്റെ ഗ്രൗണ്ട് ഫ്ലോറിലേയും ഫസ്റ്റ് ഫ്ലോറിലേയും ഇന്റീരിയർ പ്രവർത്തികൾ പൂർത്തീകരിച്ച് കമ്പനികൾ പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. നിലവിൽ ഈ കെട്ടിടത്തിൽ മാത്രമായി 6 കമ്പനികൾ പ്രവർത്തിച്ചു വരുന്നു. കൂടുതൽ കമ്പനികൾ പ്രവർത്തന സന്നദ്ധമായി മുന്നോട്ടു വരുന്ന ഒരു ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത കെട്ടിടസമുച്ചയത്തിൽ പുതുതായി ഐ.ടി. കമ്പനികൾ പ്രവർത്തനമാരംഭിക്കുന്നതിലേയ്ക്കായി എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) & സി) | ഐ.ടി മേഖലയിൽ പൊതുവേ നഗരകേന്ദ്രീകൃത സ്വഭാവം നിലനിൽക്കുന്ന ഒരു പ്രവണതയാണുള്ളത്. ഇതിനെ മറികടന്ന് കൊരട്ടി പോലുള്ള പ്രദേശത്തിന്റെ പൊതു സൗകര്യങ്ങൾ ഉയർത്തിക്കാട്ടി കൂടുതൽ കമ്പനികളെ ഗ്രാമ പ്രദേശങ്ങളിലേക്ക് ആകർഷിക്കുകയും തദ്വാരാ കൊരട്ടി ഇൻഫോപാർക്കിന്റെയും ആ മേഖലയുടെയും സമഗ്ര വികസനം സാധ്യമാകുന്ന രീതിയിൽ മാർക്കെറ്റിംഗ് |
| സി) | നൂറുകണക്കിന് യുവാക്കൾക്ക് ഐ.ടി. മേഖലയിൽ തൊഴിലവസരം | | |

| | | | |
|---|---|---|---|
| | സൃഷ്ടിക്കത്തക്കവിധത്തിൽ പുതിയ കമ്പനികളെ കൊരട്ടി ഇൻഫോപാർക്കിലേയ്ക്കാകർഷിക്കുന്നതിനും അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ എന്നറിയിക്കുമോ? | | / പ്രചരണ പ്രവർത്തനങ്ങൾ ഇൻഫോപാർക്ക് നടത്തി വരുന്നുണ്ട്.<br>ഐ.ടി പാർക്കുകളിലേയ്ക്ക് കമ്പനികളെ ആകർഷിക്കുന്നതിന് വേണ്ടി അന്താരാഷ്ട്രതലത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള ട്രേഡ് ഫെയറുകളായ GITEX, MOBILE WORLD CONCLAVE, NILF, CEBIT തുടങ്ങിയ മേളകളിൽ ജി-ടെക് - ന്റെ നേതൃത്വത്തിൽ വാണിജ്യ പ്രതിനിധി സംഘങ്ങളെ ഇൻഫോപാർക്ക് അയയ്ക്കാറുണ്ട്. കൂടാതെ ദേശീയ അന്തർദേശീയ വാണിജ്യ മേളകളിൽ കേരള ഐ.ടി-യുടെ സ്റ്റാളുകൾ ഒരുക്കി ഐ.ടി കമ്പനികളുടെ ഉല്പന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനും, മറ്റ് കമ്പനികളുടെ പ്രതിനിധികളുമായി ആശയ വിനിമയം നടത്തുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. കൂടുതൽ കമ്പനികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ ഇത്തരം സ്റ്റാളുകളിലെത്തുന്ന ഐ.ടി കമ്പനി പ്രതിനിധികളുമായി കൂടികാഴ്ചകൾ നടത്തുകയും കേരള ഐ.ടി -യുടെ പ്രത്യേകതകൾ / അവസരങ്ങൾ മുതലായവ വിവരിച്ച് അവരെ ക്ഷണിക്കുകയും ചെയ്യാറുണ്ട്. |

**സെക്ഷൻ ഓഫീസർ**